# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നംപർ: 303 — 11/06/2012 – ൽ മറുപടിയ്ക്ക്

## തടവുകാരുടെ ഫോൺ വിളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ജയിലുകളിൽ തടവിൽ കഴിയുന്നവരും പരോളിൽ ഇറങ്ങിയവരുമായ ആരെല്ലാം ഈ സർക്കാരിലെ ഏതെല്ലാം മന്ത്രിമാരെയും പേഴ്സണൽ സ്റ്റാഫ് അംഗങ്ങളേയും ഫോണിൽ ബന്ധപ്പെട്ടിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ;<br><br>(ബി) ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കാമോ ; | (എ) യും (ബി)യും. പരിശോധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ജയിലുകളിൽ തടവിൽ കഴിയുന്നവരിൽ ആരെങ്കിലും ഈ സർക്കാരിലെ ഏതെങ്കിലും മന്ത്രിമാരെയോ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളേയോ ഫോണിൽ ബന്ധപ്പെട്ടിട്ടുള്ളതായി ജയിൽ വകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.<br>പരോളിൽ ഇറങ്ങുന്നവർക്ക് ഫോൺ വിളിക്കുന്നതിന് നിയമപരമായി തടസ്സമില്ല. |
| (സി) ആർ. ബാലകൃഷ്ണപിള്ള, തടവിൽ കഴിയുമ്പോൾ മുഖ്യമന്ത്രി, മന്ത്രിമാർ, പഴ്സണൽ സ്റ്റാഫ് അംഗങ്ങൾ എന്നിവരിൽ ആരെയെല്ലാം എത്ര തവണ വീതം ഫോണിൽ ബന്ധപ്പെടുകയുണ്ടായി ;<br><br>(ഡി) ഇതിൽ വാളകം സംഭവത്തിന് തൊട്ട് മുമ്പും ശേഷവും നടത്തിയ ഫോൺ വിളികൾ ഏതൊക്കെയായിരുന്നു ? | (സി) യും (ഡി) യും<br>ശ്രീ.ആർ. ബാലകൃഷ്ണപിള്ള തടവിൽ കഴിയുമ്പോൾ സ്വകാര്യ ടെലിവിഷൻ ചാനലിലെ റിപ്പോർട്ടറുമായി 29/9/2011-ൽ മൊബൈൽ ഫോണിൽ സംസാരിച്ചതായി ജയിൽ വകുപ്പ് നടത്തിയ അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ടിയാൻ തടവിൽ കഴിയുമ്പോൾ മുഖ്യമന്ത്രി, മന്ത്രിമാർ, പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ എന്നിവരിൽ ആരെയെങ്കിലും ഫോണിൽ വിളിച്ചിട്ടുള്ളതായി ജയിൽ വകുപ്പിന്റെ രേഖകളിൽ ഇല്ല. |

സെക്ഷൻ ഓഫീസർ